# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 18.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) **കേരളത്തിലെ വിലക്കയറ്റം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന്മേൽ നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു.**

**Discussion is underway in Kerala Legislative Assembly on the adjournment motion over the price hike of essential commodities.**

2) **രാജ്യത്തെ ഐ.ടി.ഐ-കളെ എ.ഐ അധിഷ്ഠിത പരിശീലന കേന്ദ്രങ്ങളാക്കി ഉയർത്തുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.**

**Union Finance Minister Nirmala Sitharaman has said that the Centre will provide full funding required to upgrade Industrial Training Institutes, ITIs in the States into AI-driven training centres.**

3) **പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട ദേശീയസമ്മേളനം 'മൻഥൻ 2025' ന്റെ ഉദ്ഘാടനം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ഇന്ന് ന്യൂഡൽഹിയിൽ നിർവഹിക്കും.**

**Defence Minister Rajnath Singh will inaugurate the two-day national conference, MANTHAN 2025, in New Delhi today.**

4) **സുരക്ഷാ പദ്ധതികൾക്കായി ഇന്ത്യൻ റെയിൽവേ പ്രതിവർഷം ഒരു ലക്ഷത്തി 30,000 കോടി രൂപ ചെലവഴിക്കുന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.**

**Information and Broadcasting Minister Ashwini Vaishnaw has said that Indian Railway spends more than one lakh 30 thousand crore every year on safety-related projects.**

5) **ലോക അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോ ഫൈനലിൽ ഇന്ത്യയുടെ നീരജ് ചോപ്ര ഇന്നിറങ്ങും.**

**Indian Javelin Star Neeraj Chopra Begins World Title Defence at 2025 Championships in Tokyo Today**

6) **6) ഏഷ്യാ കപ്പ് ട്വന്റി -20 ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക, അഫ്ഗാനിസ്ഥാനെ നേരിടും.**

**In Asia T-20 Cup cricket, Afghanistan to take on Sri Lanka in a crucial Group B match in Abu Dhabi this evening.**

****************************************

## NIYAMASABHA (INTRO)

സംസ്ഥാനത്തെ വിലക്കയറ്റം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന്മേൽ നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു. പി.സി വിഷ്ണുനാഥാണ് പ്രമേയം അവതരിപ്പിച്ചത്. വിലക്കയറ്റത്തിൽ കേരളം രാജ്യത്ത് മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും മുന്നിലാണെന്നും, ഫലപ്രദമായ വിപണി ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നും പ്രതിപക്ഷം വിമർശനമുയർത്തി. വെളിച്ചെണ്ണ ഉൾപ്പെടെയുള്ള നിത്യോപയോഗ വസ്തുക്കളുടെ വില വൻതോതിൽ കൂടിയതായും പി.സി വിഷ്ണുനാഥ് ചൂണ്ടിക്കാട്ടി. വിലക്കയറ്റത്തെ സർക്കാർ ഫലപ്രദമായാണ് നേരിടുന്നതെന്ന് ചർച്ചയിൽ പങ്കെടുത്ത ഭരണപക്ഷ അംഗം വി.ജോയ് പറഞ്ഞു. ചർച്ച തുടരുകയാണ്. **നിയമസഭയിൽ നിന്നും കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം.പള്ളുരുത്തി......**

(വോയിസ്)

****************************************

## NIYAMASABHA QN

2025 ലെ വന്യജീവി സംരക്ഷണം കേരള ഭേദഗതി ബിൽ, കേരള വന ഭേദഗതി ബിൽ എന്നിവ മന്ത്രി എ കെ ശശീന്ദ്രൻ ഇന്ന് സഭയിൽ അവതരിപ്പിച്ചു. ജൽ ജീവൻ മിഷനിലൂടെ

സംസ്ഥാനത്ത് ഇതുവരെ 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയതായി മന്ത്രി റോഷി അഗസ്റ്റിൻ ചോദ്യോത്തരവേളയിൽ അറിയിച്ചു. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തിൽ 73 ഗ്രാമങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി ഒ ആർ കേളു നിയമസഭയിൽ വ്യക്തമാക്കി

****************************************************

## PM SITHARAMAN – ITIs

സംസ്ഥാനങ്ങളിലെ വ്യാവസായിക പരിശീലന സ്ഥാപനങ്ങളെയും ഐ.ടി.ഐ-കളെയും എ.ഐ അധിഷ്ഠിത പരിശീലന കേന്ദ്രങ്ങളാക്കി ഉയർത്തുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ഇതിനാവശ്യമായ മുഴുവൻ ധനസഹായവും കേന്ദ്രസർക്കാർ നൽകുമെന്നും ശ്രീമതി സീതാരാമൻ പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ ഫൗണ്ടേഷൻ ഫോർ ക്വാളിറ്റി മാനേജ്മെന്റിന്റെ വാർഷിക സിമ്പോസിയത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി.

****************************************************

## RAJNATH-MANTHAN 2025

വികസിത ഭാരതത്തിലേക്ക് തന്ത്രപ്രധാന മാർഗരേഖ എന്ന പ്രമേയത്തിലൂന്നി ഡിഫൻസ് എസ്റ്റേറ്റ്സ് ഡയറക്ടറേറ്റ് ജനറൽ സംഘടിപ്പിക്കുന്ന ദേശീയസമ്മേളനം 'മൻഥൻ 2025' ന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. രണ്ടു ദിവസത്തെ സമ്മേളനം രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്യും. സൈനികഭൂമി കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട പുനർവിചിന്തനം, നൂതന സാങ്കേതിക വിദ്യയും ഡിജിറ്റൽ ഉപകരണങ്ങളും പ്രയോജനപ്പെടുത്തൽ തുടങ്ങിയവയിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും.

******************************************

## SEVA PARV – AGRICULTURE (intro)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കൃഷിയെ ആശ്രയിച്ച് കഴിയുന്ന ദശലക്ഷക്കണക്കിന് കർഷകരെ ശാക്തീകരിക്കുന്നതിനായി വിപുലമായ പരിപാടികളാണ് കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്നത്. കാർഷിക മേഖലയ്ക്കുള്ള ബജറ്റ് വിഹിതം 11 വർഷത്തിനിടെ, 22,000 കോടിയിൽ നിന്നും ഒരു ലക്ഷത്തി 37,000 കോടി രൂപയായി വർദ്ധിപ്പിച്ചു. രാജ്യത്തെ കർഷകർക്കാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്നും, കർഷക താത്പര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇതിനകം തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

(മ്യൂസിക് - ഹോൾഡ്-പിഎം)

കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനായി നടപ്പാക്കിയ കിസാൻ സമ്മാൻ നിധിയിലൂടെ കഴിഞ്ഞ 6 വർഷത്തിനിടെ 4 ലക്ഷം കോടി രൂപയ്ക്കടുത്ത് വിതരണം ചെയ്യാൻ സാധിച്ചതും കേന്ദ്രസർക്കാരിൻറെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്നാണ്.

(മ്യൂസിക്)

******************************************

## DELHI - ECI SIR

ഡൽഹിയിൽ തീവ്ര വോട്ടർപട്ടിക പരിഷ്കരണം നടപ്പാക്കാനുള്ള ഒരുക്കങ്ങൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു.

ഇതിനായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ബൂത്ത് ലെവൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പ്രസ്താവനയിൽ പറഞ്ഞു. SIR നടപടികൾക്കായി 2002-ലെ വോട്ടർ പട്ടിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും വോട്ടർമാർ ഇത് പരിശോധിക്കണമെന്നും സിഇഒ അറിയിച്ചു.

**************************************************

## EC – EVM BALLOT PAPER

ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിലെ ബാലറ്റ് പേപ്പറുകളുടെ വ്യക്തത വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പനയിലും അച്ചടിയിലും മാറ്റങ്ങൾ നിർദ്ദേശിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. എല്ലാ സംസ്ഥാനങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് കമ്മീഷൻ കത്തയച്ചു. ബാലറ്റ് പേപ്പറിൽ ഇനിമുതൽ സ്ഥാനാർത്ഥികളുടെ ബഹുവർണ ചിത്രങ്ങളാകും നൽകുക. എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകൾ ഒരേ ശൈലിയിലും വലിപ്പത്തിലുമുള്ള അക്ഷരത്തിൽ അച്ചടിക്കും. ബിഹാർ തിരഞ്ഞെടുപ്പ് മുതൽ ഇവ ഉപയോഗിക്കുമെന്ന് കമ്മീഷൻ അറിയിച്ചു.

**************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

(ബ്രേക്ക്)

**************************************************

## GST

ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരുന്ന ജി.എസ്.ടി ഘടനാ പരിഷ്കരണം വാഹന മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്ര സർക്കാർ. 350 സിസി വരെയുള്ള ഇരുചക്രവാഹനങ്ങൾ, ബസ്, ചെറിയ കാറുകൾ, ട്രാക്ടറുകൾ എന്നിവയുടെ നികുതിയിൽ കുറവ് വരുത്തിക്കൊണ്ടാണ് ജിഎസ്ടി പരിഷ്കരിക്കുന്നത്. ഇരുചക്രവാഹനങ്ങളുടെയും, ചെറിയ കാറുകളുടെയും ജിഎസ്ടി 28 ശതമാനത്തിൽ നിന്നും 18 ആക്കി കുറക്കുന്നത് മധ്യവർഗ്ഗത്തിന് ഏറെ പ്രയോജനം ചെയ്യും. ട്രാക്ടറുകളുടെ നികുതി 12 ൽ നിന്നും 5 ശതമാനമായും, ബസിൻറെയും, ട്രക്ക്, ഡെലിവറി വാൻ തുടങ്ങിയ വാഹനങ്ങളുടെയും ജി.എസ്.ടി 28 ൽ നിന്ന് 18 ശതമാനമായും കുറച്ചിട്ടുണ്ട്.

**************************************************

## VAISHNAW – ROAD SAFETY (INTRO)

ഇന്ത്യൻ റെയിൽവേ സുരക്ഷാ പദ്ധതികൾക്കായി പ്രതിവർഷം ഒരു ലക്ഷത്തി 30,000 കോടിയിലധികം രൂപ ചെലവഴിക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. നിരന്തരമായ ശ്രമങ്ങളുടെ ഫലമായി പ്രതിവർഷം ഉണ്ടാകുന്ന ട്രെയിൻ അപകടങ്ങളിൽ ഗണ്യമായ കുറവുണ്ടായതായും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

**************************************************

## PM – SHORT FILM

ദേശീയ അവാർഡ് നേടിയ ചലച്ചിത്രം 'ചലോ ജീത്തേ ഹൈ' രാജ്യവ്യാപകമായി റീ-റിലീസ് ചെയ്തു. പ്രധാനമന്ത്രിയുടെ ബാല്യകാലം പ്രമേയമാക്കി ചിത്രീകരിച്ച ബയോപിക് ഷോർട്ട്

ഫിലിമാണിത്. സ്കൂളുകളിലും 500 ഓളം സിനിമാ ശാലകളിലും ഒക്ടോബർ 2 വരെ പ്രത്യേക പ്രദർശനമുണ്ടാകും

***********************************************

## AMIT SHAH

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള രാഷ്ട്രീയ തയ്യാറെടുപ്പുകൾ ആരംഭിച്ച് രാഷ്ട്രീയ പാർട്ടികൾ. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷായുമായി ജെഡിയു അധ്യക്ഷൻ നിതീഷ് കുമാർ ഇന്ന് പട്നയിൽ കൂടിക്കാഴ്ച നടത്തി. സീറ്റ് വിഭജനം സംബന്ധിച്ച ചർച്ചകൾ മുന്നണിയിൽ സജീവമാണ്. ബിഹാറിലെ 20 ജില്ലകളിലെ ബിജെപി പ്രവർത്തകരുമായി ശ്രീ അമിത് ഷാ ഇന്ന് സംവദിക്കും.

***********************************************

## NEERAJ CHOPRA

ജപ്പാനിൽ നടക്കുന്ന ലോക അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിലെ പുരുഷന്മാരുടെ ജാവലിൻ ത്രോ ഫൈനലിൽ ഇന്ന് ഇന്ത്യയുടെ നീരജ് ചോപ്ര മത്സരിക്കും. ഇന്ത്യൻ സമയം വൈകിട്ട് 3.50നാണ് മത്സരം. യോഗ്യതാ റൗണ്ടിൽ 84.85 മീറ്റർ ദൂരം മറികടന്നാണ് നീരജ് ഫൈനലിൽ കടന്നത്. പന്ത്രണ്ട് താരങ്ങൾ കലാശപ്പോരിൽ മാറ്റുരയ്ക്കും.

***********************************************

## ASIA CUP

ഏഷ്യാ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക, അഫ്ഗാനിസ്ഥാനെ നേരിടും. ഷെയ്ഖ് സയ്യിദ് സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഗ്രൂപ്പ് - എയിൽ ഇന്നലെ പാകിസ്ഥാൻ ആതിഥേയരായ യു.എ.ഇ യെ

41 റൺസിന് പരാജയപ്പെടുത്തി. ഇന്ത്യ-ഒമാൻ മത്സരം നാളെ രാത്രി 8 മണിക്കാണ്.

******************************************

## UNSC – INDIA AFGHAN

യുഎൻ പട്ടികയിൽ ഉൾപ്പെട്ടതും, പാകിസ്ഥാൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതുമായ ഭീകരസംഘടനകളായ ലഷ്കർ ഇ തയ്യിബയ്ക്കും, ജെയ്ഷ്-ഇ മുഹമ്മദിനുമെതിരെ അന്താരാഷ്ട്ര തലത്തിൽ നടപടി ആവശ്യപ്പെട്ട് ഇന്ത്യ. അഫ്ഘാനിസ്ഥാനുമായി ബന്ധപ്പെട്ട യുഎൻ രക്ഷാ സമിതി യോഗത്തിലാണ് ഇന്ത്യയുടെ യുഎൻ അംബാസഡർ പി ഹരീഷ് ഇക്കാര്യം ആവശ്യപ്പെട്ടത്. അഫ്ഘാനിസ്ഥാനിലെ സുരക്ഷാ സാഹചര്യം ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ഭീകരവാദത്തിനായി മേഖലയെ ഉപയോഗപ്പെടുത്താൻ അനുവദിക്കരുതെന്നും, അദ്ദേഹം പറഞ്ഞു.

**************************************************************************************

******************************************